# സൽമാൻഖാൻ വെള്ളിത്തിരയിൽതന്നെ ജീവിക്കുന്നു

താരമൂല്യം രൂപയുടെ മൂല്യംപോലെ ഇടിയുന്നതല്ല. അതുകൊണ്ട്, സമൂഹത്തിൽ വാഴ്ത്തപ്പെട്ടവരുടെ പട്ടികയിലാണ് താരങ്ങൾ. രാജസ്ഥാനിലെ ജോധ്പൂരിനടുത്ത് കൃഷ്ണമൃഗങ്ങളെ വേട്ടയാടുമ്പോൾ ബോളിവുഡ് താരങ്ങളായ സൽമാൻഖാനും സുഹൃത്തുക്കളും തങ്ങൾ നിയമങ്ങൾക്ക് അതീതരാണെന്ന് ധരിച്ചിരിക്കണം. ഇന്ത്യൻ വന്യജീവി നിയമത്തിന്റെ ഒന്നാം പട്ടികയിൽ വരുന്ന കൃഷ്ണമൃഗത്തെ ഇന്ത്യൻ സാമൂഹ്യഘടനയിൽ ഒന്നാം പട്ടികയിൽ വരുന്ന തങ്ങൾക്ക് എന്തുകൊണ്ട് വേട്ടയാടിക്കൂടാ?

അവർ വെള്ളിത്തിരയിൽ നിന്നല്ല് ജീവിതത്തിലേക്ക് ഇറങ്ങിവരുന്നത്, വെള്ളിത്തിരയോടൊപ്പമാണ്. സിനിമയുടെ സംവിധായകനല്ല, ഒരു രാജ്യത്തെ സംവിധാനം ചെയ്തിരിക്കുന്നത് എന്ന് വിശ്വസിക്കാൻ മാത്രം ബോളിവുഡ് താരങ്ങൾ ബുദ്ധിശൂന്യരല്ലല്ലോ. മന്ത്രി വിരുന്നിൽ കാട്ടുമൃഗങ്ങളെ വിളമ്പാമെങ്കിൽ ഒരു പാവം സിനിമാനടന് അതു പാടില്ലെന്ന് പറയുന്നത് തോന്ന്യാസമല്ലേ? എന്ന് സൽമാൻഖാന് വേണമെങ്കിൽ തിരിച്ചുചോദിക്കാം. ആന്ധ്ര ജലസേചന വകുപ്പുമന്ത്രി തുമ്മല നാഗേശ്വരറാവുവിന്റെ അത്താഴവിരുന്നാണ് ഇങ്ങനെ പൊടിപൊടിച്ചത്. 50 ലക്ഷം രൂപ ചെലവു ചെയ്ത ഒരു വിരുന്നിൽ കുറച്ച് കാട്ടുമൃഗങ്ങളുടെ കരളെങ്കിലുമില്ലെങ്കിൽ കുറച്ചിലല്ലേ. മന്ത്രിയുടെ പാചകക്കാരൻ സ്വകാര്യമായി പറഞ്ഞത് അദ്ദേഹം വെറും നോൺ വെജിറ്റേറിയനല്ല; വൈൽഡ് നോൺ വെജിറ്റേറിയനാണെന്നത്രേ. സൽമാൻ ഖാനും ഈ ജനുസ്സിൽപ്പെട്ടതാകാം.

എന്തായാലും രണ്ടു സംഭവത്തിലും മസാലയുടെ അളവ് വളരെ കൂടിപ്പോയി. എരിവ് നാവിൽനിന്ന് തലച്ചോറുവരെ പടർന്നുകേറി. സൽമാൻഖാന് അഭിനയജീവിതത്തിന്റെ തിരക്കിനിടയിൽ രണ്ടുമൂന്നാഴ്ച വിശ്രമവും ഏകാന്തതയും ലഭിച്ചു. ഒന്നാംപട്ടികയിൽപ്പെട്ടവരായതുകൊണ്ട് ഗോതമ്പുണ്ട തിന്നാൻ ഭാഗ്യമുണ്ടായിരുന്നിരിക്കില്ല. ആന്ധ്രയിലാകട്ടെ ജനങ്ങളുടെ എതിർപ്പ് മൂത്തപ്പോൾ ചന്ദ്രബാബു നായിഡുവിന് മന്ത്രിയുടെ വന്യമാംസഭോജനത്തെപ്പറ്റി ഒരു അന്വേഷണത്തിന് ഉത്തരവിടേണ്ടിവരികയും ചെയ്തു.